**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2639 06.11.2019-ൽ മറുപടിക്ക്

**കോതമംഗലം മണ്ഡലത്തിലെ ഭൂരഹിതർക്ക് സൗജന്യമായി ഭൂമി**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നല്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നല്കാമോ; | എ) | ഉണ്ട്. ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ 03.03.2018-ലെ 21/18/പജ.പവ.വിവ ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഭൂമി, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തിയതിൽ ആദ്യ ഘട്ട ഫീൽഡ് പരിശോധനയ്ക്ക് ശേഷം 747.42 ഏക്കർ ഭൂമി ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിലാണ്. വയനാട്, പാലക്കാട്, കോട്ടയം, എറണാകുളം, കാസറഗോഡ് ജില്ലകളിലെ 63.41 ഏക്കർ ഭൂമിയുടെ വില നിർണ്ണയം കഴിഞ്ഞിട്ടുണ്ട്. ടി ഭൂമി ഉടൻ തന്നെ വാങ്ങി നൽകാൻ കഴിയുന്നതാണ്. |
| ബി) | ഇത്തരത്തിൽ കോതമംഗലം മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ സർക്കാർ ഭൂമി വാങ്ങി നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | ബി) | ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതിയിൻ കീഴിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ലാന്റ് ബാങ്ക് പദ്ധതി നിലവിൽ വരുന്നതിന് മുമ്പ് ആറ് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. |
| സി) | ഓരോ കുടുംബത്തിനും എത്ര സെന്റ് സ്ഥലമാണ് വാങ്ങി നല്കിയതെന്നും ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ; | സി) | ആറ് കുടുംബങ്ങൾക്ക് 25 സെന്റ് വീതം സ്ഥലം വാങ്ങുന്നതിന് 55,05,000/- രൂപ ചിലവഴിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത മണ്ഡലത്തിൽ എത്ര ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഇനി ഭൂമി ലഭ്യമാക്കുവാനുണ്ട്; വ്യക്തമാക്കാമോ; | ഡി) | കോതമംഗലം മണ്ഡലത്തിൽ 16-ഓളം ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കൂടി ഭൂമി നൽകാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. |
| ഇ) | ഇവർക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുന്ന തിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഇ) | ഇവർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**